LIBRARY ARCHIVES Kerala Legislative Assembly

സുനാമി മൂലം ദുരിതമനുഭവിക്കുന്ന കയർതൊഴിലാളികൾക്കുള്ള ധനസഹായം

130 [2029] ശ്രീ. എ. എ. അസീസ് :

,, കോവൂർ കുഞ്ഞുമോൻ :താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സുനാമി ദുരന്തംമൂലം ദുരിതമനുഭവിക്കുന്ന കയർ തൊഴിലാളികളെ സംരക്ഷിക്കാൻ ഇതിനകം എന്തെല്ലാം നടപടികൾ സ്വീകരിച്ചു;

(ബി) എത്ര പേർക്കാണ് ധനസഹായം അനുവദിച്ച് നൽകിയിട്ടുള്ളത് ?

ഉത്തരം

(എ), (ബി) സുനാമി ദുരന്തംമൂലം 14 കയർ തൊഴിലാളികൾ മരിച്ചിട്ടുണ്ട്. മരണമടഞ്ഞ കയർ തൊഴിലാളികളുടെ ആശ്രിതർക്ക് ഒരു ലക്ഷം രൂപ വീതം ധനസഹായം നൽകിയിട്ടുണ്ട്. ദുരിതാശ്വാസ ക്യാമ്പിൽ കഴിഞ്ഞിരുന്നവർക്ക് 1,000 രൂപ വീതവും നൽകിയിട്ടുണ്ട്. മരിച്ച കയർതൊഴിലാളികളുടെ ആശ്രിതർക്ക് ഇൻഷ്വറൻസ് പ്ലെയിമായി 25,000 രൂപ വീതം നൽകുന്നതിനുള്ള അനുമതിക്കായി കയർ ബോർഡിന് അപേക്ഷ നൽകിയിട്ടുണ്ട്. മരണമടഞ്ഞ കയർ തൊഴിലാളികളിൽ ഒരാളുടെ ആശ്രിതർക്ക് കേരള കയർ തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്നും 5,000 രൂപ നൽകിയിട്ടുണ്ട്. കൂടാതെ ബോർഡിൽ നിന്നുള്ള ധനസഹായത്തിനായി ലഭിച്ച നൂറോളം അപേക്ഷകൾ ബോർഡ് പരിഗണിച്ചു വരുന്നു.

പരസ്യം നൽകിയ ഇനത്തിൽ കുടിശ്ശിക

131 [2030] ശ്രീ. തോമസ് ഉണ്ണിയാടൻ :

,, സ്റ്റീഫൻ ജോർജ് :

,, ജോസഫ് എം. പുതുശ്ശേരി :

ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൃഷി വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനമായ കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ മുൻ സർക്കാരിന്റെ കാലത്ത് പരസ്യം നൽകിയ ഇനത്തിൽ ആനുകാലിക പ്രസിദ്ധീകരണങ്ങൾക്കും, ദിനപ്പത്രങ്ങൾക്കും എത്ര രൂപയാണ് നൽകാനുള്ളതെന്ന് വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത ദിനപ്പത്രങ്ങളുടേയും, ആനുകാലിക പ്രസിദ്ധീകരണങ്ങളുടേയും പേരുവിവരം വെളിപ്പെടുത്താമോ ;

(സി) പരസ്യക്കുടിശ്ശിക കിട്ടാത്തതിന്റെ പേരിൽ അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷനെതിരെ ആരെങ്കിലും നിയമനടപടിക്ക് ശ്രമിച്ചിട്ടുണ്ടോ;

(ഡി) ഈ ഇനത്തിൽ കുടിശ്ശിക വരുത്തിയ തുക നൽകാൻ അടിയന്തിര നിർദ്ദേശം നൽകാമോ ?

ഉത്തരം

(എ) 16,95,380 രൂപ നൽകാനുണ്ട്.

(ബി) പ്രസിദ്ധീകരണങ്ങളുടെ പേര് വിവരവും നൽകാനുള്ള തുകയും അനുബന്ധം 1-ൽ † കാണാവുന്നതാണ്.

(സി) പരസ്യക്കൂലി നൽകാത്തതിന്റെ പേരിൽ കോർപ്പറേഷനെതിരെ നിയമ നടപടികൾ നിലവിലുള്ളതായി അറിവില്ല.

(ഡി) കോർപ്പറേഷൻ കടുത്ത സാമ്പത്തിക പ്രതിസന്ധി നേരിടുന്നതിനാൽ കുടിശ്ശിക തുക ഇപ്പോൾ നൽകാൻ നിർദ്ദേശിക്കാൻ നിർവ്വാഹമില്ല.

വെർച്വൽ യൂണിവേഴ്സിറ്റി

132 [2031] ശ്രീ. പിരപ്പൻകോട് മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം കാർഷിക കോളേജിനോടനുബന്ധിച്ച് ഒരു വെർച്വൽ യൂണിവേഴ്സിറ്റി സ്ഥാപിക്കാൻ തീരുമാനിച്ചിട്ടുണ്ടോ ;

(ബി) ഈ യൂണിവേഴ്സിറ്റികൊണ്ട് കാർഷിക രംഗത്ത് എന്തൊക്കെ നേട്ടങ്ങളാണ് ഉണ്ടാകാൻ പോകുന്നതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) തിരുവനന്തപുരം കാർഷിക കോളേജിനോടനുബന്ധിച്ച് വെർച്വൽ യൂണിവേഴ്സിറ്റി സ്ഥാപിച്ചിട്ടില്ല. പ്രൊഫസർ എം. എസ്. സ്വാമിനാഥന്റെ അദ്ധ്യക്ഷതയിലുള്ള W.T.O. കമ്മീഷന്റെ നിർദ്ദേശമനുസരിച്ച്, സംസ്ഥാന കാർഷിക വകുപ്പിന്റെ ധനസഹായത്തോടെ കമ്മോഡിറ്റി ബോർഡുകളുമുള്ള മറ്റു സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെയാണ്. കാർഷിക സർവ്വകലാശാലയുടെ വെള്ളാനിക്കര മെയിൻ കാമ്പസിൽ വെർച്വൽ യൂണിവേഴ്സിറ്റി ഫോർ അഗ്രിക്കൾച്ചറൽ ട്രേഡ് (Virtual University for Agricultural Trade) സ്ഥാപിച്ചിട്ടുള്ളത്.

(ബി) ആഗോളവൽക്കരണവും, ലോകവ്യാപാര ഉടമ്പടിയുടെ ഭാഗമായി നിലവിൽ വന്നുകൊണ്ടിരിക്കുന്ന കാർഷിക വ്യാപാര വ്യവസ്ഥയും കാർഷിക മേഖലയിൽ സൃഷ്ടിക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് കാർഷിക മേഖലയെ സജ്ജമാക്കാനും പുതിയ കാർഷിക വ്യാപാര വ്യവസ്ഥയുടെ ഭാഗമായി, കേരളത്തിലെ കാർഷിക മേഖലയ്ക്ക് തുറന്നു കിട്ടുന്ന സാദ്ധ്യതകൾ പ്രയോജനപ്പെടുത്താനും കമ്പോള വിവരങ്ങൾ യഥാസമയം കർഷകരിലെത്തിച്ച് വിപണിയുടെ പൂർണ്ണ പ്രയോജനം ലഭ്യമാക്കാനും ലക്ഷ്യമിട്ടിട്ടുള്ളതാണ് പ്രസ്തുത യൂണിവേഴ്സിറ്റി. കമ്പോള വിവരങ്ങൾ വില നിലവാരങ്ങൾ, ഗുണനിലവാര സൂചികകൾ, ഉല്പാദന വിപണന സാദ്ധ്യതകൾ, വിളപരിപാലനം,

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly